മണ്ണൊലിപ്പു നിവാരണം.

* ന്യ൯. [ഫ്ന്യ] ഡാക്ടർ എ൯. എസ്. പിള്ള : താഴെ പറയുന്നചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

വർഷകാലങ്ങളിലെ മണ്ണൊലിപ്പു നാശങ്ങളിൽനിന്നും പരിഹാരം നേടാൻ വേണ്ട മണ്ണൊലിപ്പു നിവാരണപദ്ധതികൾ ഈ രാജ്യത്തിന്റെ ഏതെങ്കിലും ഭാഗത്തു ഗവണ്മെന്റ ചെയ്യുന്നുണ്ടോ ? ഉണ്ടെങ്കിൽ എവിടെ, എങ്ങിനെ ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : മണ്ണൊലിപ്പ് നിവാരണം സംബന്ധിച്ച് പറയ ക്ക ജോലികളൊന്നും ചെയ്യാൻ സാധിച്ചിട്ടില്ല. പക്ഷെ, പ്രസ്തുത ആ ശ്യത്തിലേയ്ക്കു ഗവണ്മെന്റിൽനിന്നു ഫ൯ഒ൦ലെ ന്യൂ-൦നമ്പർ തിരുവിതാംകൂർ-കൊച്ചി ലാന്റ് ഡെവലപ്പുമെന്റ അക്ട് പാസ്സാക്കുകയും ആ അക്ടിലെ വ്യവസ്ഥകളെ നടപ്പിലാക്കുവാൻ ഒരു ലാന്റ് ഡെവലപ്പുമെന്റ് ബോർഡ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പല മണ്ണൊലിപ്പു നിവാരണപദ്ധതികളും ബോർഡിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

ശ്രീ. എ. തങ്കപിള്ള : കമ്മ്യൂണിറ്റി പ്രോജക്ട് ഏരിയായിൽ മണ്ണൊലിപ്പു നിരോധിക്കാൻവേണ്ടി എർപ്പാടുകളൊന്നുമില്ലേ ?

ശ്രീ. എ. ജെ. ജാൺ : എർപ്പാടുകൾ ചെയ്തിട്ടുണ്ട്. പക്ഷെ, ഈ കാര്യം കമ്മ്യൂണിറ്റി പ്രോജക്ട് സ്കീമിൽ ഉൾപ്പെട്ടതല്ല.

പെരുഞ്ഞാണി അണയിലെ ഷട്ടറുകൾ.

* ൧൦. [ഫ്വ] ശ്രീ. എം. എ൯. ഗോവിന്ദൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുഞ്ഞാണി അണയിലെ ഷട്ടറുകൾ ഉപയോഗശൂന്യമായിതീർന്നിട്ടുണ്ടോ ;

(ബി) ആ ഷട്ടറുകൾക്കായി എത്ര ലക്ഷം രൂപാ ചെലവായിട്ടുണ്ട് ;

(സി) ഷട്ടറുകൾ പണിയുന്നതിൽ മേൽനോട്ടം വഹിച്ചിരുന്നതു ഏതു് ഉദ്യോഗസ്ഥനാണ് ;

ഗതാഗതവും പൊതുമരാമത്തും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ : (എ) ഇല്ല.

(ബി) ൪൫,൫൭൯ രൂപാ൯ അണ. ൪ പൈസ ചെലവായിട്ടുണ്ട്.

(സി) ഷട്ടറുകൾ നിർമ്മിച്ചതു് ജർമ്മനിയിലായിരുന്നു. ഷട്ടറുകളുടെ നിർമ്മാണവേളയിൽ ഗവണ്മെന്റ മേൽനോട്ടം വഹിച്ചിട്ടില്ല.

ശ്രീ. എ. കെ. ചെല്ലയ്യാ : ഈ വർഷത്തിൽ പെരുഞ്ഞാണി അണയിലെ വെള്ളം ഇറക്കാൻ താമസം ഉണ്ടായതു് അവിടത്തെ ഷട്ടറുകൾ ഇളക്കാൻ പരിചയമില്ലാത്ത ജോലിക്കാരെ ഏർപ്പെടുത്തിയതുകൊണ്ടല്ലേ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതുകൊണ്ടല്ല.

ശ്രീ. എ. കെ ചെല്ലയ്യാ : ഷട്ടറുകൾ ഇറക്കാൻവേണ്ടി പകലും രാത്രിയും അനേകം കൂലിക്കാർ അവിടെയിരുന്നു ജോലി ചെയ്തില്ലേ ;

LIBRARY ARCHIVES Kerala Legislative Assembly